LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിലെ നവീകരണ പദ്ധതികളും നേട്ടങ്ങളും

177 (1552) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനും ആരോഗ്യകരമായ കാർഷികോത്പന്നങ്ങളുടെ ഉത്പാദന വർദ്ധനവിനും വേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കാമോ; ഇതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ കർഷകരുടെ ജീവിത നിലവാരം എപ്രകാരം മെച്ചപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാർഷിക നവീകരണ പദ്ധതികളിലൂടെ കാർഷിക മേഖലയിലേയ്ക്ക് കടന്നുവന്നവർ എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനും ആരോഗ്യകരമായ കാർഷികോൽപ്പന്നങ്ങളുടെ. ഉൽപ്പാദന വർദ്ധനവിനുംവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളും ഇതിലൂടെയുണ്ടായ നേട്ടങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കർഷക കടാശ്വാസ കമ്മീഷൻ

178 (1553) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക കടാശ്വാസ കമ്മീഷൻ വഴി 2015-16 ൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; എത്ര രൂപയാണ് പ്രസ്തുത വർഷത്തിൽ ചെലവിട്ടത്?

ഉത്തരം

2015-16-ൽ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 10400 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കമ്മീഷൻ ശിപാർശ പ്രകാരം കടാശ്വാസമായി അനുവദിച്ച തുകയിൽ 33,62,680 രൂപ ഇതിനകം ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.